# വീട്ടിൽ ഒരു അടുക്കളത്തോട്ടം

സീരി

അടുക്കളത്തോട്ടത്തിനു രൂപം നല്കുന്ന വിവിധ രീതികൾ, തോട്ടം പരിപാലിക്കേണ്ട രീതികൾ, വിത്തുകൾ ശേഖരിക്കേണ്ട വിധം തുടങ്ങി വൈവിധ്യമാർന്ന വിഷയങ്ങളാണ് ഈ പുസ്തകത്തിൽ കൈകാര്യം ചെയ്യുന്നത്. കൃഷിയെക്കുറിച്ച് ആധികാരികമായി പറഞ്ഞിരിക്കുന്ന ഈ പുസ്തകം കുടുംബിനികൾക്ക് ഒരു മുതൽക്കൂട്ടായിരിക്കും.

കവർ ഡിസൈൻ: സൈനുൽ ആബിദ്

DC LIFE
ഒരു ഡി സി ബുക്സ് മുദ്രണം
www.dcbooks.com

ISBN 81-7130-636-5

കൃഷി

E-book available

₹ 70

635 SEE/V
553





സീരി



# വീട്ടിൽ ഒരു അടുക്കളത്തോട്ടം



635 SEE/V
CASMTVK
5 5 3

DC LIFE



**സീരി (ആർ. ടി. രവിവർമ്മ)**

തൃപ്പൂണിത്തുറയിൽ ജനിച്ചു. 1968-ൽ കേരളത്തിലെ കൃഷിവകുപ്പിൽ കൃഷി ഇൻഫർമേഷൻ ഓഫീസറായിരിക്കെ ദൽഹിയിലെ കൃഷിമന്ത്രാലയത്തിൽ പ്രസിദ്ധീകരണങ്ങളുടെ പത്രാധിപരായി. തുടർന്ന് കേരള സർവകലാശാലയിൽ ജേർണലിസം വകുപ്പിൽ അദ്ധ്യാപകനായും കേരള കാർഷിക സർവകലാശാലയിൽ പ്രസിദ്ധീകരണങ്ങളുടെ പത്രാധിപരായും ജോലി ചെയ്തു. 1988-ൽ ഉദ്യോഗത്തിൽനിന്നു വിരമിച്ചു. മലയാള മനോരമയുടെ പ്രസിദ്ധീകരണമായ 'കർഷകശ്രീ'യുടെ എഡിറ്ററായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. 1952 മുതൽ മാതൃഭൂമി വാരികയിലും ദിനപത്രത്തിലും മറ്റു പ്രസിദ്ധീകരണങ്ങളിലും 'സീരി' എന്ന തൂലികാനാമത്തിൽ നിരവധി കാർഷിക ലേഖനങ്ങൾ പ്രസിദ്ധീകരിച്ചു. പത്തിലേറെ ഗ്രന്ഥങ്ങളും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 553 Call No. ........................

This book should be returned on or before the date last given below.

| | | |
|---|---|---|
| 19-019<br>4 JUL 2016<br>T05<br>20/8/16 | | |

553

സീരിയുടെ ഞങ്ങൾ പ്രസിദ്ധീകരിച്ച കൃതികൾ

ഒട്ടുചെടിവളർത്തൽ
പണം തരുന്ന പൂക്കൾ
പൂന്തോട്ടനിർമ്മാണം
വീട്ടിൽ ഒരു അടുക്കളത്തോട്ടം
വീട്ടിൽ ഒരു പൂന്തോട്ടം
ജൈവകൃഷി

സീരി

# വീട്ടിൽ ഒരു അടുക്കളത്തോട്ടം

DC LIFE

പച്ചക്കറികളെക്കുറിച്ചു മാത്രമല്ല, അവ ഉപയോഗിച്ചുണ്ടാക്കുന്ന സ്വാദിഷ്ഠമായ വിഭവങ്ങളെക്കുറിച്ചും ഗ്രന്ഥകർത്താവിന് നല്ല പരിജ്ഞാനം. അതിന് ചില ഉദാഹരണങ്ങളിതാ: കാസർഗോഡിനടുത്ത് ചന്ദ്രഗിരിപ്പുഴയിൽ 'മട്ട' എന്ന ദ്വീപിലുണ്ടാകുന്ന, വെളുത്ത താറാമുട്ടപോലെയിരിക്കുന്ന 'മട്ട'യെന്ന വഴുതന കൊണ്ട് മംഗലാപുരത്തുകാർ ഉണ്ടാക്കുന്ന രുചികരമായ സാമ്പാറും ബജിയും, കാന്താരിമുളകിന്റെ വംശത്തിലുള്ള ഡഗ്എഗ്, ബുൾനോസ്, ചൈനീസ് ജായന്റ് എന്നീ മുളകുകളിൽ മസാലയും ഇറച്ചിയും സ്റ്റഫ് ചെയ്തുണ്ടാക്കുന്ന പഫ്സ്, മുള്ളൻവെള്ളരി അരിഞ്ഞുചേർക്കുന്ന പിണ്ടിപ്പായസം, പതിനെട്ടുമണിയൻ പയറുകൊണ്ടുള്ള കൊണ്ടാട്ടം, വെള്ളയമരക്കകൊണ്ടുള്ള കൊണ്ടാട്ടവും മെഴുക്കുപുരട്ടിയും, ചെല്ലാനംപാവയ്ക്ക പശുവിൻനെയ്യിൽ മൊരിച്ചെടുത്തുള്ള ഉപ്പേരി, പടവലങ്ങ സ്റ്റഫ് ചെയ്തുണ്ടാക്കുന്ന പഫ്സ്— ഇങ്ങനെ എത്രയെത്ര ഉദാഹരണങ്ങൾ വേണമെങ്കിലും എടുത്തുകാട്ടാനുണ്ട്.

തക്കാളി, കോളിഫ്ളവർ, കാബേജ്, മുള്ളങ്കി, കാരറ്റ് തുടങ്ങിയവ കേരളത്തിൽ വളരുകയില്ല എന്ന അബദ്ധധാരണ അദ്ദേഹം തിരുത്തിക്കുറിക്കുന്നു. നിസ്സാരമെന്നു കരുതുന്ന ചിക്കുർമാനീസ് എന്ന മധുരച്ചീരയുടെ പോഷകപ്രാധാന്യം നമ്മെ അമ്പരപ്പിക്കും.

വിരസമായേക്കാവുന്ന വിഷയത്തെ പഴഞ്ചൊല്ലുകൾകൊണ്ട് രസകരമാക്കാൻ അദ്ദേഹം നടത്തുന്ന ശ്രമം അഭിനന്ദനീയമാണ്. ഇതാ ചില ഉദാഹരണങ്ങൾ:

'കയ്പ നനയ്ക്കാൻ കള്ളനെ നിറുത്തണം.' (പാവലിന് അധികം വെള്ളം വേണ്ടെന്നു സാരം)

'അമരച്ചുവട്ടിൽ തവള കരയണം.' (നല്ലതുപോലെ നനയ്ക്കണം)

'എട്ടു വെള്ളിയാഴ്ച ചാണകം വച്ചാൽ എട്ടാം വെള്ളിയാഴ്ച കായ് പറിക്കാം.' (വഴുതനയ്ക്ക് കൂടക്കൂടെ വളം ചെയ്യണം)

'ചേന നടാത്തവൻ കള്ളൻ'

'കുംഭത്തിൽ നട്ടാൽ കുടംപോലെ'

ഇങ്ങനെ പോകുന്നു പഴമൊഴികൾ.

മാറാച്ചേമ്പിന്റെ ഔഷധപ്രാധാന്യം ചൂണ്ടിക്കാട്ടാനും അദ്ദേഹം മറക്കുന്നില്ല. കേന്ദ്ര കിഴങ്ങുഗവേഷണകേന്ദ്രം വികസിപ്പിച്ചെടുത്ത, ശ്രീകീർത്തി, ശ്രീരൂപ, ശ്രീശുഭ, ശ്രീപ്രിയ എന്നിങ്ങനെ എത്രയിനം കാച്ചിലുകളാണ് അദ്ദേഹം നമ്മുടെ മുമ്പിൽ നിരത്തുന്നത്.

കീടങ്ങളും രോഗങ്ങളും എന്ന അധ്യായത്തിൽ പരമ്പരാഗതമായി ഉപയോഗിക്കാവുന്ന പുകയിലക്കഷായം, മണ്ണെണ്ണക്കുഴമ്പ്, വേപ്പിൻകഷായം, വേപ്പെണ്ണലായനി എന്നിവയുടെ പ്രാധാന്യം എടുത്തുകാട്ടുന്നു. അടുക്കളത്തോട്ടത്തിനും സ്കൂൾതോട്ടത്തിനും അനുബന്ധമായി നട്ടുപിടിപ്പിക്കാവുന്ന ചില ഫലവൃക്ഷച്ചെടികളെക്കുറിച്ചു പറഞ്ഞാണ് സീരി, ഈ ചെറുകൃതി ഉപസംഹരിക്കുന്നത്.

'വീട്ടിൽ ഒരു അടുക്കളത്തോട്ടം' കൈവശമുണ്ടെങ്കിൽ കുടുംബിനികൾക്ക് അത് ഒരു മുതൽക്കൂട്ടാകുമെന്നതിന് യാതൊരു സംശയവുമില്ല.

വനിത
കോട്ടയം

**മിസ്സിസ് കെ:എം.മാത്യു**

## ഉള്ളടക്കം


| | |
|---|---|
| വീട്ടിൽത്തന്നെ കായ്കറികൾ | 9 |
| വർഷകാല കായ്കറികൾ | 29 |
| മഞ്ഞുകാല കായ്കറികൾ | 38 |
| വേനൽക്കാല കായ്കറികൾ | 54 |
| കിഴങ്ങുവർഗ്ഗങ്ങൾ | 63 |
| കീടങ്ങളും രോഗങ്ങളും | 74 |
| വീട്ടിൽ ചില ഫലവൃക്ഷച്ചെടികൾ | 79 |